പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4584

04.02.2014 ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ ഗ്യാസ് സിലിണ്ടർ വിതരണം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നതിന് എത്ര ഏജൻസികളാണ് നിലവിലുള്ളതെന്നും എത്ര ഗുണഭോക്താക്കളുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 3 ഏജൻസികളിലായി 40380 ഗുണഭോക്താക്കളുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | യഥാസമയം ആവശ്യാനുസരണം സിലിണ്ടർ വിതരണം ചെയ്യുന്നതിൽ പ്രസ്തുത ഏജൻസികൾ വീഴ്ചവരുത്തുന്നതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചുവെന്നും, അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത ഗ്യാസ് ഏജൻസികൾ വിതരണത്തിൽ വീഴ്ചവരുത്തിയത് സംബന്ധിച്ച് ഏഴ് പരാതികൾ എറണാകുളം ജില്ലാ സപ്ലൈ ഓഫീസിൽ ലഭിക്കുകയും, ടി പരാതികൾ താലൂക്ക് സപ്ലൈ ഓഫീസർ മുഖേന അന്വേഷണം നടത്തി പരിഹരിക്കുകയും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം ഗ്യാസ് ഏജൻസികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 01.04.2013 മുതൽ 27.01.2014 വരെ 242 പരാതികൾ ലഭിച്ചിട്ടുണ്ടെന്നും 48 മണിക്കൂറിനുള്ളിൽ പ്രസ്തുത ഉപഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടർ ലഭ്യമാക്കി പരാതി പരിഹരിച്ചിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മുൻകൂട്ടി ബുക്ക് ചെയ്തിട്ടും ഗ്യാസ് വിതരണം ചെയ്തുവെന്ന രീതിയിൽ ഉപഭോക്താക്കൾക്കു ഫോൺ മെസ്സേജ് നൽകുകയും, എന്നാൽ യഥാർത്ഥത്തിൽ ഗ്യാസ് വിതരണം ചെയ്യാതെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന ഏജൻസികൾക്കെതിരെ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ? | (സി) ഗ്യാസ് വിതരണം സംബന്ധിച്ചുള്ള ഫോൺ സന്ദേശം നൽകുന്നത് എണ്ണക്കമ്പനികളുടെ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഇതിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. എന്നിരുന്നാലും ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ പ്രസ്തുത ഗ്യാസ് ഏജൻസിക്കെതിരെ അച്ചടക്കനടപടിക്ക് ശുപാർശ ചെയ്തുകൊണ്ട് എണ്ണക്കമ്പനികൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഗ്യാസ് ഏജൻസികളിലെ ജീവനക്കാരുടെ കൈപ്പിഴമൂലം ഇത്തരം ചുരുക്കം ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അങ്ങനെയുള്ള അവസരങ്ങൾ ഉണ്ടാകരുതെന്ന് ഏജൻസികൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ